

“ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു. അത്തരം കമ്പുകൾ ശേഖരിച്ച് തീയിലിട്ടു കത്തിച്ചുകളയുന്നു. നിങ്ങൾ എന്നിൽ വസിക്കുകയും എൻെറ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും. നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എൻെറ ശിഷ്യൻമാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്വപ്പെടുന്നു. പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എൻെറ സ്നേഹത്തിൽ നിലനിൽക്കുവിൻ. ഞാൻ എൻെറ പിതാവിൻെറ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എൻെറ കൽപനകൾ പാലിച്ചാൽ എൻെറ സ്നേഹത്തിൽ നിലനിൽക്കും” യോഹന്നാൻ 15:5–10

## ഏപ്രിൽ –2015 വിചിന്തനം (യോഹന്നാൻ 15:5–10)

മെഡിറ്ററേനിയൻ പ്രദേശം വീഞ്ഞുനിർമ്മാണത്തിനുള്ള മുന്തിരികൃഷിക്ക് പേരുകേട്ടതാണ്. മുന്തിരിവള്ളിയുടെ ഉപമ ബൈബിളിലെ ഇസ്രായേൽ ദേശത്തെ സാധാരണ പാലസ്തീനിയൻ ജീവിതത്തെ മിഴിവോടെ വരച്ചുകാട്ടുന്നു. ഹീബ്രു ബൈബിളിൽ ഇസ്രായേൽ– യാഹെ ബന്ധത്തിന്റെ പ്രതീകമായി മുന്തിരിവള്ളിയെന്ന പ്രതിബിംബം ദീർഘകാലമായി ഉണ്ട്.(ഏശയ്യ 3,14; 5,1–17; 27,2–8; ജെറമിയ 2,21:12,10; എസ.19,10–14; ഹോസിയ 10,1; സങ്കീ 80) മിക്കഭാഗത്തും അത് യാഹ്വേയ്ക്ക് ഇസ്രായേലിനോടുള്ള കരുതലും വാത്സല്യവുമാണ് പ്രകടമാക്കുന്നതെങ്കിലും ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കുമ്പോൾ വേരോടെ പിഴുതെറിയപ്പെടുന്ന ദുരവസ്ഥയും വ്യക്തമാക്കുന്നു. ഈശോ മുന്തിരിവള്ളിയുടെ ഉപമ ഉപയോഗിക്കുന്നത് പ്രവാചകരുടെ ഉപയോഗത്തിന്റെ തുടർച്ചയാണ് എന്ന് സുവിശേഷത്തിൽ പലയിടത്തും നമുക്കു കാണാനാവും(മത്താ 20, 1–16; 21, 33–41; മർക്കോസ് 12, 1–9; ലൂക്ക 20, 9–16) എന്നിരുന്നാലും മുന്തിരിച്ചെടിയുടെയും ശാഖയുടെയും ഉപമയ്ക്ക് സമാനതകളില്ലാത്ത പ്രാധാന്യമുണ്ട്. അത് വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് കാണുക. ഈശോയുടെ മരണത്തിനുമുമ്പ് അന്ത്യ അത്താഴവേളയിൽ അവിടുന്ന് സംസാരിച്ച വാക്കുകളിലൂടെയാണ് ഇത് നമ്മിലേക്കു കടന്നുവരിക.

ഈ ഉപമ അഗാധമായ അർത്ഥതലങ്ങളിലേക്ക് നമ്മെ നയിക്കുന്നു. മുന്തിരിച്ചെടിയുടെയും ശാഖകളുടെയും ഉപമയുടെ പിന്നിൽ ഒരാത്മാവും ഒരു ശരീരവുമായി നിലനില്ക്കാനുള്ള നാഥന്റെയും ശിഷ്യരുടെയും തീവ്രമായ അഭിലാഷമുണ്ട്. മുന്തിരിച്ചെടിക്ക് ശാഖകൾ കൂടാതെ ഫലം പുറപ്പെടുവിക്കാനാവില്ല; അതുപോലെ മുന്തിരിച്ചെടിയോട് ചേർന്നു നില്ക്കാതെ ശാഖകൾക്കു ഫലം ധരിക്കാനാവില്ല. മുന്തിരിച്ചെടിയും ശാഖകളും ഒരേ വേരുകളെ ആശ്രയിക്കുന്നു. അവ ഒരേ അന്തരീക്ഷം പ്രദാനം ചെയ്യുന്ന വായുവിൽ നിന്നും ജീവൻ വലിച്ചെടുക്കുന്നു. ഒരേ ജീവരസം അവയ്ക്കുള്ളിലൂടെ പ്രവഹിക്കുന്നു. പരസ്പരാശ്രയത്വത്തിന്റെ, പരസ്പരം വസിക്കലിന്റെ ഏറ്റവും ചൈതന്യവത്തായ മാടിവിളിക്കലാണിത്.

യേശു - ശിഷ്യ ബന്ധത്തിന്റെ തലത്തിലേയ്ക്ക് മാറ്റപ്പെടുമ്പോൾ മുന്തിരിച്ചെടിയും ശാഖയും എന്ന ഉപമ യേശുവിനും ശിഷ്യർക്കും ഇടയിലുള്ള ശാശ്വതമായ ബന്ധത്തെ ഊന്നിപ്പറയുന്നു. കൃഷിക്കാരൻ എന്ന നിലയിൽ പരിപോഷിപ്പിക്കുകയും വെട്ടിയൊരുക്കുകയും അതിന്റെ വളർച്ചയിലും ഫലത്തിലും അതീവ ശ്രദ്ധപുലർത്തുകയും ചെയ്യുന്ന പിതാവിന്റെ പരിപോഷിപ്പിക്കുന്ന സംരക്ഷണയിലാണ് യേശുവും ശിഷ്യരും. യേശുവും ശിഷ്യരും ഒരു ഏകത്വം ആയിത്തീർന്ന് ഒരുമിച്ച് ഫലം പുറപ്പെടുവിക്കുന്നു. ഒരു വിവാഹത്തിൽ സ്നേഹം എപ്രകാരം ജീവൻ പുറപ്പെടുവിക്കുന്നുവോ അപ്രകാരം പരസ്പരം സ്നേഹത്തിൽ വസിക്കുക വഴി അവർ സ്നേഹത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു.

ജീവൻ പ്രദാനം ചെയ്യുന്ന ജീവരസം, അതായത് യേശുവും ശിഷ്യരും തമ്മിലുള്ള ബന്ധത്തെ ഉറപ്പിക്കുന്ന ഉള്ളിലുള്ള ചരടാണ് യേശുവിലൂടെ പിതാവ് വെളിപ്പെടുത്തുന്ന വചനം. പ്രവാചകൻമാരെപ്പോലെ യേശു ദൈവത്തിന്റെ വായ് ആണ്. എന്നാൽ ദൈവത്തിന്റെ വചനം ദൈവജനത്തോട് സംസാരിച്ച പ്രവാചകരിൽ നിന്ന് വ്യത്യസ്തമായി മാംസം ധരിക്കുകയും അവരുടെ ഇടയിൽ ജീവിക്കുകയും ചെയ്ത ദൈവവചനമാണ് യേശു.

ശ്രദ്ധയോടും സ്നേഹത്തോടും കൂടി ദൈവവചനം ശ്രവിച്ചുകൊണ്ട് അവർ വചനവുമായി ഒന്നാകുന്നു. ശിഷ്യരിലുള്ള വചനത്തിന്റെ വാസവും വചനത്തിലുള്ള ശിഷ്യരുടെ വാസവും പരസ്പരാശ്രയത്വമുള്ള ഒരു വസിക്കൽ ഉളവാക്കുന്നു. പിതാവിന്റെ നിത്യവചനമായ യേശുവിൽ വസിച്ചുകൊണ്ട് ശിഷ്യൻ യേശുവിനോടൊത്തുള്ള ഒരു പരസ്പരമുള്ള ജീവിതത്തിലേക്ക് നിരന്തരം നയിക്കപ്പെടുന്നു. അവർ അവനുമായി ഒന്നാകുന്നു. അവനൊടൊപ്പം പങ്കിടുന്ന പുതുജീവൻ സാക്ഷ്യപ്പെടുത്താൻ പ്രാപ്തരാക്കികൊണ്ട് യേശു ശിഷ്യരിൽ വസിക്കുന്നു. പുത്രനെ സ്നേഹിക്കുകയും പുത്രനിൽ ജീവിക്കുകയും ചെയ്യുന്ന പിതാവിന്റെ ജീവനിൽ പങ്കുചേരുന്നതാണത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മവിന്റെയും സ്നേഹ ഐക്യകൂട്ടായ്മയുടെ അതുല്യമായ സ്വന്തമാകൽ വചനം ശിഷ്യനിൽ ഉളവാക്കുന്നു.

യേശുവിൽ വസിക്കുന്നത് ശിഷ്യരുടെ ഇടയിൽത്തന്നെ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ഒരു ബന്ധം സൃഷ്ടിക്കുന്നു. ഒരേ ഒരു മുന്തിരിച്ചെടിയുടെ ശാഖകൾ എന്ന നിലയിൽ അവർ വചനത്തിന്റെ മാംസമായിത്തീരുന്നു. യേശുവിലുള്ള വചനത്തിന്റെ മനുഷ്യാവതാരം ക്രിസ്തുവിന്റെ മാംസമായ തിരുസഭയിലൂടെ തുടരുന്നു.

JESUS YOUTH Households

Prepared by the Fr. James Anaparambil
on behalf of Jesus Youth International Formation Team. Illustration: John Karol